I/49881/2024

**പൊതുവിദ്യാഭ്യാസവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹയർസെക്കന്ററി വിഭാഗം**

**ഹൗസിംഗ് ബോർഡിംഗ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം**

**(ഹാജർ- ശ്രീ. ഷാനവാസ്. എസ്. ഐ എ എസ്)**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് – ഹയർസെക്കന്ററി വിഭാഗം – ജീവനക്കാര്യം – ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2023-24 അധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം - അന്തിമ സ്ഥലംമാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ച് - ഉത്തരവാകുന്നു.

---

**നമ്പർ. എച്ച്എസ്ഇ/5034/2023-എ.ഡി.സി6 തീയതി16-02-2024**

---

പരാമർശം : 1. സ.ഉ (സാധാ) നം. 838/2019/പൊ.വി.വ തീയതി 02/03/2019

2. Order dated 21/08/2023 of Hon'ble Kerala Administrative Tribunal in RA 40/2023 in OA 642/2022
3. 01/09/2023 തിയ്യതിയിലെ സർക്കാർ കത്ത് നം. GEDN-C1/113/2022
4. 25/10/2023 തിയ്യതിയിലെ ഇതേ നമ്പർ സർക്കുലർ
5. 17/12/2023 തിയ്യതിയിലെ ഇതേ നമ്പർ സർക്കുലർ
6. Order dated 24/01/2024 of Hon'ble Kerala Administrative Tribunal in RA 02/2024 in OA 642/2022.
7. Order dated 23/01/2024 of Hon'ble Kerala Kerala High Court in OP(KAT) No.19/2024.
8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട ഒ.എ 37 & 83 of 2024, ഒ.എ 59/2024, ഒ.എ 8/2024, ഒ.എ 74/2024 എന്നീ കേസുകളിലെ ഉത്തരവുകൾ

**ഉത്തരവ്**

സംസ്ഥാനത്തെ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകരുടെ പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പരാമർശം (1) പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളിലെ 6(iii), 7(ii) എന്നീ ക്ളോസുകൾക്ക് പകരം പരാമർശം (2) ലെ വിധിന്യായ ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അനുകമ്പാർഹ, മുൻഗണനാ സ്ഥലം മാറ്റ രീതിയിൽ മാറ്റം വരുത്തി 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റം നടത്തുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് 2023- 24 അധ്യയന വർഷത്തെ ഹയർ സെക്കന്ററി അധ്യാപകരുടെ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. പരാമർശം (2) ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ജില്ലകളിൽ ഓരോ

വിഷയത്തിനും ഉണ്ടാകുന്ന വേക്കൻസിയുടെ 10, 20 ശതമാനം വീതമാണ് യഥാക്രമം അനുകമ്പാർഹ, മുൻഗണനാ ട്രാൻസ്ഫറിനായി കണക്കാക്കിയിട്ടുള്ളത്. ഇപ്രകാരം ബഹു. ട്രിബ്യൂണൽ ഉത്തരവുകളുടെയും, നിലവിലുള്ള പരാമർശം (1) മാനദണ്ഡങ്ങൾ പ്രകാരവും, മുൻവർഷം ഓൺലൈൻ ട്രാൻസ്ഫറിനായി അവലംബിച്ചിട്ടുള്ള രീതികളും മുൻനിർത്തി പരാമർശം (4) പ്രകാരം 2023-24 വർഷത്തെ ഹയർ സെക്കന്ററി അധ്യാപകരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ 25/10/2023 തീയതി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) മുഖേന സജ്ജമാക്കിയിട്ടുള്ള https://www.dhsetransfer.kerala.gov.in എന്ന വെബ് പോർട്ടൽ മുഖാന്തിരം ഓൺലൈനായി ക്ഷണിച്ചു.

2. ആയത് പ്രകാരം 31/05/2023 ൽ 3 വർഷം ഹയർ സെക്കന്ററി സർവ്വീസ് പൂർത്തിയാക്കിയ, അദ്ധ്യാപകർക്ക് പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷിക്കാൻ അവസരം നൽകിയിട്ടുണ്ട്. എന്നാൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചവർക്ക് 3 വർഷ സർവ്വീസ് പരിധി ബാധകമല്ല. പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം) പ്രസിദ്ധീകരിച്ചിട്ടുള്ള റിമോട്ട് ഏരിയ സ്കൂളുകളിൽ 2 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ അദ്ധ്യാപകരേയും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പൊതുസ്ഥലംമാറ്റത്തിന് പരിഗണിച്ചിട്ടുണ്ട്. പൊതുസ്ഥലംമാറ്റത്തിനായി സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളും പരാമർശം (4) സർക്കുലറിലെ നിർദ്ദേശങ്ങളും അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് കൃത്യമായി വായിച്ച് മനസ്സിലാക്കി മാത്രമേ അദ്ധ്യാപകർ ഓൺലൈൻ അപേക്ഷകൾ പ്രിൻസിപ്പലിന് ഫോർവേഡ് ചെയ്യാവൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

3. ഓൺലൈനായി ലഭിച്ച അപേക്ഷകൾ മേല്പറഞ്ഞ വ്യവസ്ഥകൾ കണക്കിലെടുത്ത് കരട് സ്ഥലംമാറ്റ പട്ടിക 17/12/2023 ന് പരാമർശം (5) പ്രകാരം പോർട്ടലിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. കരട് സ്ഥലംമാറ്റ പട്ടിക സംബന്ധിച്ച് പരാതി ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിന് 24/12/2023 വൈകുന്നേരം 5 മണിവരെ സമയം അനുവദിച്ചിരുന്നു. നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ഇ മെയിൽ മുഖേന സമർപ്പിക്കപ്പെട്ട എല്ലാ പരാതികളും ആക്ഷേപങ്ങളും വിശദമായി പരിശോധിക്കുകയും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം തിരുത്തപ്പെടേണ്ടതുണ്ടെന്ന് കണ്ടെത്തിയ അപാകതകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

4. ട്രാൻസ്ഫർ പോർട്ടലിൽ അദ്ധ്യാപകർ നൽകിയ ഡാറ്റ അതത് പ്രിൻസിപ്പൽമാർ പരിശോധിച്ച് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ട്രാൻസ്ഫർ പ്രോസസ് ചെയ്തിരിക്കുന്നത്. ഏതെങ്കിലും അദ്ധ്യാപകർ തെറ്റായി വിവരങ്ങൾ നൽകി മുണഗണന ലഭിച്ച് അനർഹമായി സ്ഥലംമാറ്റം നേടിയിട്ടുള്ളതായി പിന്നീട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം പ്രസ്തുത സ്ഥലംമാറ്റം റദ്ദ് ചെയ്യപ്പെടുന്നതും, അത്തരം അദ്ധ്യാപകർക്കും ആയത് ശുപാർശ ചെയ്ത പ്രിൻസിപ്പലിനും എതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ട ഒ.എ 37 & 83 of 2024, ഒ.എ 59/2024, ഒ.എ 8/2024, ഒ.എ 74/2024 എന്നീ കേസുകളിലെ ഇടക്കാല ഉത്തരവുകൾ പരിഗണിച്ച് Smt. Asha K.S(HSST Computer Science), Smt. Preetha Kumari J(HSST English), Smt. Sreeji K S(HSST Computer Science), Smt. Usha Saraswathy E(HSST Botany), Sri. Ramesh Nair(HSST English), Smt. Sara Babu(HSST English), Smt. Shyla A(HSST Computer Science), Smt. Jancy Rani A.K(HSST Zoology), Smt. Bini K.P(HSST Malayalam), Smt. Resmy V(HSST Computer Science), Sri. Sajan Samson(HSST English), Smt. Sasida M.H(HSST Hindi), Smt. Biji A.V(HSST Computer Science)എന്നീ അദ്ധ്യാപകരെ ആയവരുടെ നിവേദനങ്ങളിൽ സർക്കാർതല എക്സ്പെർട്ട് കമ്മിറ്റിയിൽ തീർപ്പുണ്ടാകുന്നതുവരെ പൊതുസ്ഥലമാറ്റത്തിൽ നിന്നും, ഒഴിവാക്കി നിലനിർത്തിയിട്ടുണ്ട്.

6. ജനറൽ ട്രാൻസ്ഫറിൽ പ്രഥമ ഓപ്ഷൻ നൽകുന്ന സ്കൂൾ ഏത് ജില്ലയിൽ ഉൾപ്പെടുന്നുവോ ആ ജില്ലയിലായിരിക്കും അനുകമ്പാർഹ സ്ഥലംമാറ്റത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ പ്രസ്തുത അധ്യാപകനെ പരിഗണിക്കുന്നത്. മറ്റ് ജില്ലകളിൽ കംപാഷണേറ്റ് വിഭാഗത്തിൽ അപേക്ഷകരായ അധ്യാപകർ ഇല്ലായെങ്കിൽ ഓപ്ഷന്റെ അടിസ്ഥാനത്തിൽ അത്തരം ഒഴിവുകളിൽ കംപാഷണേറ്റ് സ്റ്റാറ്റസുള്ള അപേക്ഷകരെ പരിഗണിക്കുന്നതാണ് എന്ന് പരാമർശം(4) സർക്കുലറിൽ അറിയിച്ചിരുന്നു. എന്നാൽ പരാമർശം (2) ബഹു. ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം കംപാഷണേറ്റ് സ്ഥലംമാറ്റത്തിനായി വേക്കൻസികൾ പരിഗണിക്കുന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയ സാഹചര്യത്തിൽ അതത് ജില്ലകളിൽ അപേക്ഷ സമർപ്പിച്ചിട്ടും ലഭ്യമാകാത്ത അധ്യാപകരെ മറ്റ് ജില്ലകളിൽ പുനർവിന്യസിക്കുന്നതിന് സാങ്കേതിക കാരണങ്ങളാൽ സാധിക്കുന്നതല്ലാത്തതിനാൽ മേൽ വിഷയം പരിഗണിച്ചിട്ടില്ല.

7. ഒ.എ 2325/2023, ഒ.എ 136/2024, ഒ.എ 2322/2023, ഒ.എ 2100/2023, ഒ.എ 1641/2022, OA(EKM) 2100/2023, OA(EKM) 2080/2023, ഒ.എ 204/2024, OA(EKM) 2104/2023, ഒ.എ 277/2024, ഒ.എ 38/2024 എന്നിവയിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവു പ്രകാരം ബന്ധപ്പെട്ടവരുടെ ഹർജി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക ഉത്തരവുകൾ ഡി.എച്ച്.എസ്.ഇ പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

8. അദ്ധ്യാപകർക്ക് പരിധിയില്ലാതെ (നിലവിൽ ഓപ്പൺ വേക്കൻസി ഇല്ലാത്ത സ്കൂളുകൾ അടക്കം) സ്കൂളുകൾ തിരഞ്ഞെടുക്കാവുന്നതാണെന്ന് പരാമർശം (4) സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇത് പ്രയോജനപ്പെടുത്താതെ പരിമിതമായ ഓപ്ഷനുകൾ മാത്രം അപേക്ഷിച്ചതു കാരണം ചില അദ്ധ്യാപകരെ (ഇവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളിലേക്ക് മറ്റ് യോഗ്യരായവർ വന്നതിനാൽ) ടി അദ്ധ്യാപകരുടെ ഓപ്ഷൻ അല്ലാത്ത സ്കൂളുകളിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

9. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2023-24 അധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം, ബഹു. കോടതിയുടെ പരാമർശം (2),(7) ഉത്തരവുകളുടെയും, നിലവിലുള്ള പരാമർശം (1) മാനദണ്ഡങ്ങൾ പ്രകാരവും, മുൻവർഷം ഓൺലൈൻ ട്രാൻസ്ഫറിനായി അവലംബിച്ചിട്ടുള്ള രീതികളും മുൻനിർത്തി ഈ ഉത്തരവ് തീയതി പ്രാബല്യത്തിൽ നടപ്പിലാക്കുന്നു. ബന്ധപ്പെട്ട അദ്ധ്യാപകർ സ്ഥലംമാറ്റ ഉത്തരവ് പോർട്ടലിൽ നിന്ന് ഡൗൺലോഡ് ചെയ്യേണ്ടതും അതാത് പ്രിൻസിപ്പൽമാർ ടി അദ്ധ്യാപകരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതുമാണ്. അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ച ഉടൻ തന്നെ ആയത് ഡി.എച്ച്.എസ്.ഇ ട്രാൻസ്ഫർ വെബ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

10. നിലവിൽ ഹയർ സെക്കന്ററി പരീക്ഷാ ഡ്യൂട്ടികൾക്ക് നിയോഗിക്കപ്പെട്ടിരിക്കുന്ന അദ്ധ്യാപകർ ട്രാൻസ്ഫർ ലഭിച്ച സ്കൂളുകളിൽ ജോയിൻ ചെയ്ത ശേഷം ടി.അദ്ധ്യാപകരെ നിയോഗിച്ച സ്ഥലത്തുതന്നെ ബന്ധപ്പെട്ട ഡ്യൂട്ടി വീഴ്ച കൂടാതെ ചെയ്യേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപ തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് ഉത്തരവായിട്ടുള്ള അധ്യാപകർ ഉണ്ടെങ്കിൽ ആയവർ പ്രസ്തുത ഡ്യൂട്ടി നിർവഹിച്ച ശേഷം മാത്രം മാറ്റം ലഭിച്ച സ്കൂളുകളിൽ ജോയിൻ ചെയ്യേണ്ടതാണ്.

11. മേൽപ്പറഞ്ഞ പ്രകാരം ഹയർ സെക്കന്ററി അദ്ധ്യാപകരുടെ 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റം നടത്തി ഒ.എ 642/2022 കേസിൽ 14/07/2023 തിയ്യതി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

Signed by
Shanavas S Ias
Date: 16-02-2024 15:36:27

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**പകർപ്പ്**

1. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. ബന്ധപ്പെട്ട ഡി.റ്റി.ഒ/എസ്.റ്റി.ഒ
5. അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
6. അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
7. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
8. ബന്ധപ്പെട്ട ആർ.ഡി.ഡി മാർ
9. കരുതൽ ഫയൽ/അധികം

I/49881/2024